# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/650/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 14/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3.ഓഫീസ് കോപ്പി

നമ്പർ: KSA/ALP/BP/650/2022 തീയ്യതി: 14/07/2022

## ആലപ്പുഴ ജില്ലയിലെ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-12-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി, | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-05-2022 | 20-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-05-2022 | 20-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റോയ്.ടി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലൈല രാജു | പ്രസിഡന്റ് | 01-04-2020 | 04-11-2020 |
| ശ്രീ.വിശ്വംഭരൻ എം.വി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 05-11-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിഷ്ണു.ആർ | സെക്രട്ടറി | 01-04-2020 | 06-07-2020 |
| ശ്രീമതി.ബീന.സി.എ.(ഇൻചാർജ്) | സെക്രട്ടറി | 07-07-2020 | 13-08-2020 |
| ശ്രീ.ലാൽകുമാർ.ജെ.ആർ | സെക്രട്ടറി | 14-08-2020 | 31-03-2021 |
| ശ്രീമതി.ഐറിൻ.ജി. | കൃഷി ഓഫീസർ | 01-04-2020 | 12-06-2020 |
| ശ്രീ.ബിനു തോമസ് | കൃഷി ഓഫീസർ | 13-06-2020 | 31-03-2021 |
| ഡോ.സീതാലക്ഷ്മി.എസ്. | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺരാജ് എം. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിജി.എൽ | സി.ഡി.പി.ഓ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുനിത പി.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 10-06-2020 |
| ശ്രീ.വിനോദ്.വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 11-06-2020 | 06-11-2020 |
| ശ്രീമതി.അതു വസന്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-11-2020 | 31-03-2021 |
| ശ്രീ.ഷാനവാസ് എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അമൃത എൽ | അസി.എക്സി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 25-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Elsamma (Audit Officer, On 25-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 21-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Elsamma (Audit Officer, On 25-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 25-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 25-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Preetha (Auditor, On 21-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 26-05-2022) | 1-7 |
| 9 | ടെന്റർ ഫീസ്<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-8 |
| 10 | പൈപ്പ് ലൈൻ ദീർഘിക്കൽ - അപാകതകൾ.<br>Written By: T.M Roy (Senior Grade Auditor, On 21-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-9 |
| 11 | വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-10 |
| 12 | സർക്കാർ നിർദ്ദേശം ലംഘിച്ച് പ്രോജക്ടുകൾ ഏറ്റെടുത്തു<br>Written By: Elsamma (Audit Officer, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-11 |
| 13 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -1,07,259/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Preetha (Auditor, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-12 |
| 14 | പുളിങ്കുന്ന് താലൂക്ക് ആശുപത്രി-ട്യൂബ് വെൽ നിർമാണം.-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Preetha (Auditor, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-14 |
| 16 | ലൈഫ് ഭവന നിർമ്മാണത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം | 1-15 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 21-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | |
| 17 | എസ്.സി കുടുംബങ്ങൾക്കും വനിതാ ഗ്രൂപ്പുകൾക്കും കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം - ജില്ലാതല യൂണീറ്റ് കോസ്റ്റിനെ അധികരിച്ച് വാങ്ങൽ നടത്തി<br>Written By: T.M Roy (Senior Grade Auditor, On 21-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 1-16 |
| 18 | സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് സബ്സിഡി - സബ്സിഡി തുക ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല.<br>Written By: T.M Roy (Senior Grade Auditor, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-17 |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോ.നം 35/21) – നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-18 |
| 20 | ഫൈൻ ഈടാക്കിയില്ല<br>Written By: Elsamma (Audit Officer, On 22-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-19 |
| 21 | അധികം പിൻവലിച്ച തുക അക്കൗണ്ടിൽ അടവാക്കിയില്ല<br>Written By: Elsamma (Audit Officer, On 28-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 26-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 26-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 26-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 26-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 06-07-2022) | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 26-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 26-05-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Elsamma (Audit Officer, On 07-07-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 26-05-2022)<br>Last Updated By: Elsamma (Audit Officer, On 13-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

26.2.2020 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 267445935 | 266011935 |
| വാർഷിക കണക്ക് പ്രകാരം | 47108206 | 70632641 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 19.5.2020 |

### 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ

വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

2) വാർഷിക കണക്ക് RP – 40(a) പ്രകാരം Treasury Own Fund BPFA 1-2 അക്കൗണ്ടിലെ നീക്കിയിരുപ്പ് 657765 രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രാകരമുള്ള നീക്കിയിരുപ്പ് 559765 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3) ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള നീക്കിയിരുപ്പിന്റെ (1136350 രൂപ) കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

4) ഇ.എം.എസ് വായ്പാ കുടിശ്ശിക പൂർണ്ണമായി ഒടുക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഇപ്പോഴും 157496 രൂപ കുടിശ്ശികയുള്ളതായി കാണിച്ചിരിക്കുന്നു.

5) തൻവർഷം പ്രോജക്ട് പ്രകാരം പൈപ്പ് ലൈൻ ദീർഘിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 42,00,000/- രൂപയുടെ വിവരം ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളുന്ന തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7) ബ്ലോക്ക് പഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, ദിവസവേതന ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്കുള്ള ഇതര അലവൻസുകളിലെ കുടിശ്ശിക ബാധ്യത (റ്റി.എ,സിറ്റിംഗ് ഫീ Etc) ഉൾപ്പടെയുള്ള എല്ലാ വർഷാന്ത്യ ബാധ്യതകളും (Outstanding Liabilities) വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷത്തെ എല്ലാ ഭരണച്ചെലവുകൾക്കുമുള്ള പ്രൊവിഷൻ (ടെലഫോൺ, കറന്റ് ചാർജ്ജ്) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വരുന്നില്ല.

8) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി കൈമാറിയ തുകയിൽ 211356/- രൂപ ഇനിയും ലഭിക്കാനുള്ളതായിട്ടാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ 11.11.2020 വരെയുള്ള വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുള്ളു. ആയതിനാൽ റീക്കൂപ്പ് ചെയ്തു കിട്ടാനുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

9) വാർഷിക കണക്ക് പ്രകാരം Temporary Advance For Official Purpose എന്ന ഹെഡിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ജീവനക്കാർക്ക് വിവിധ പ്രോജക്ടുകൾക്കായി മുൻകൂർ നൽകിയ തുകകൾ സെറ്റിൽ ചെയ്തതായി കാണുന്നില്ല.

10) തൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 294508/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ടി തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

11) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിരത ദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, റീടെൻഷൻ മുതലായ ഇനങ്ങളിലെ തൻവർഷ വരവ്, തിരികെ നൽകിയ തുക, മുതൽക്കൂട്ടിയ തുക എന്നിവയുടെ ആധികാരികത

പരിശോധിക്കുവാൻ നിർവ്വാഹമില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32468228 |
| വരവ് | 47108206 |
| ആകെ | 79576434 |
| ചെലവ് | 70632641 |
| നീക്കിയിരിപ്പ് | 8943793 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 20836912 | 20836912 | 20796149 | 40763 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 6607945 | 6607945 | 6607945 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 143000 | 143000 | 0 | 143000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3418000 | 3418000 | 1728557 | 1689443 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 101 | 45557046 | 98 | 38847427 | 0 | 3 | 85.27% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.05.2022-ന് 3.15 Pm-ന് ഹെഡ് ക്ലാർക്ക് ശ്രീമതി.ജമ്മാക്കുട്ടിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾ അനുസരിച്ച് പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള എല്ലാ ചെലവും ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇ.എം.ഡിയും മറ്റ് നിക്ഷേപങ്ങളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്റർ സൂക്ഷിക്കേണ്ടതും വരവുകൾ/പിൻവലിക്കലുകൾ യഥാസമയം രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

## 1-8 ടെന്റർ ഫീസ്

ബ്ലോക്ക് പഞ്ചായത്ത് 2019-20, 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് എൻ.ഐ.സി മുഖേന ഓൺലൈനായി ക്രെഡിറ്റ് വന്ന തുക മുൻവർഷങ്ങളിലേതുൾപ്പെടെ തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

## 1-9 പൈപ്പ് ലൈൻ ദീർഘിക്കൽ - അപാകതകൾ.

വെളിയനാട് ഗ്രാമപഞ്ചായത്ത് വർഷം നടപ്പാക്കിയ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിക്കൽ (പ്രോ.നം 117/21) എന്ന പദ്ധതിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 39,20,000 രൂപയും വികസന ഫണ്ട് എസ്.സി.പിയിൽ നിന്നും 2,80,000 രൂപയും ഉൾപ്പെടെ 42,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന നിക്ഷേപ പദ്ധതിയായി നടപ്പാക്കുന്ന മേൽ പ്രോജക്ട് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിലെ താഴെപറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 01 | രാമങ്കരി ഗ്രാമപഞ്ചായത്ത് വാർഡ് 13ൽ എ.സി റോഡിൽ നിന്നും എ.സി കനാലിന് കുറുകെ പൈപ്പിട്ട് എസ്.സി സെന്റിൽമെന്റ് കോളനിയിലേയ്ക്ക് കുടിവെള്ളം എത്തിക്കൽ. | 2,80,000 |
| 02 | രാമങ്കരി ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ 24ൽ ചിറ മുതൽ വലിയ പറമ്പ് വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 3,10,000 |
| 03 | മുട്ടാർ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ ചാത്തനാട് മുതൽ പൂന്തുരുത്തി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 3,20,000 |
| 04 | മുട്ടാർ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ ചക്കുവരയ്ക്കൽ മുതൽ കുറത്തുശ്ശേരി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1,50,000 |
| 05 | വെളിയനാട് ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ മാമ്പറമ്പ് കടവ് മുതൽ കുത്തുശ്ശേരി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2,20,000 |
| 06 | രാമങ്കരി ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ പള്ളിപ്പാലം മുതൽ കവലയ്ക്കൽ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1,20,000 |
| 07 | രാമങ്കരി ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ ചിറയിൽ മുതൽ തെക്കേമുറ്റക്കളം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1,65,000 |
| 08 | മുട്ടാർ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ മുട്ടാർ പഞ്ചായത്ത് ജംഗ്ഷൻ മുതൽ പുറത്തേ ഇരുപത് വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 18,49,000 |
| 09 | വെളിയനാട് ഗ്രാമപഞ്ചായത്ത് 2-ാം വാർഡിൽ മിഖായേൽ പള്ളി ജംഗ്ഷൻ മുതൽ നെടുമ്പറമ്പ് കോളനി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 3,30,000 |
| 10 | പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് 13-ാം വാർഡിൽ അറുപതുംചിറ കോളനി ബോട്ട് ജെട്ടി മുതൽ ഹനുമാൻ ചിറ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 4,56,000 |
| | | 42,00,000/- |

രാമങ്കരി, വെളിയനാട്, മുട്ടാർ, പുളിങ്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിലാണ് മേൽ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തികൾ നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ടി വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിക്കൽ പ്രവർത്തികൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നും കത്ത് ലഭിച്ചതായോ മേൽ പ്രവർത്തിയ്ക്ക് തുക നിക്ഷേപിച്ച വിവരം ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചതായോ കാണുന്നില്ല. ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് രേഖാമൂലമുള്ള സമ്മതം വാങ്ങി വേണം ഇത്തരം പദ്ധതികൾ നടപ്പാക്കേണ്ടത്. മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.9/19.5.22) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

| ബിൽ നം. | തുക |
|---|---|
| 139/4.11.2020 | 10,00,000/- |
| 150/11.12.2020 | 2,85,000/- |
| 204/20.01.2021 | 18,49,000/- |
| 224/08.02.2021 | 3,30,000/- |
| 229/15.02.2021 | 4,56,000/- |
| 23/11.4.2020 | 2,80,000/- |
| ആകെ | 4200000/- |

## 1-10 വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നൽകിയ തുക | തുക തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|
| 01 | ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ (പ്രോ.നം 01/21) | 30825 ബിൽ നം. 102/11.9.2020 | ഐ.കെ.എം-ൽ നിന്നും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 02 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന (പ്രോ.നം 69/21) | 500000 ബിൽ നം 24/ 11.4.2020 | സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 03 | നീലംപേരൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7ൽ പയറ്റുപാക്ക ആറ്റുപാറ മുതൽ പെരുവന്താനം വരെയുള്ള ഗ്രാമീണ ജലസേചന പദ്ധതി പൂർത്തിയാക്കൽ (പ്രോ.നം 81/21) | 100000 ബിൽ നം 20/ 11.4.2020 | ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 04 | അഗതി ആശ്രയ പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രോ.നം 70/21) | 500000 ബിൽ നം 21/ 11.4.2020 | മുട്ടാർ ഗ്രാമപഞ്ചായത്തിന് 2,00,000/- രൂപയും നീലംപേരൂർ, കാവാലം, രാമങ്കരി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 1,00,000/- രൂപ വീതവും നൽകിയിട്ടുണ്ട്. എന്നാൽ ടി ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 05 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രോ.നം 34/21) | 410957 | ട്രഷറി ബില്ലിന്റെ പകർപ്പ് ഹാജരാക്കാതിരുന്നതിനാൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് തുക കൈമാറിയതെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| | ആകെ | 15,41,782 | |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 07/18.5.2022) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ മേൽ സ്ഥാപനങ്ങൾക്ക് നൽകിയ 15,41,782/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11 സർക്കാർ നിർദ്ദേശം ലംഘിച്ച് പ്രോജക്ടുകൾ ഏറ്റെടുത്തു

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 183/07/ത.സ്വ.ഭ.വ., തിയതി 24.7.2007 പ്രകാരം അടങ്കൽ തുക 5 ലക്ഷം രൂപയിൽ താഴെയുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുവാൻ പാടുള്ളതല്ല. എന്നാൽ 20-21 വർഷത്തിൽ താഴെ കൊടുത്തപ്രകാരം 6 പ്രോജക്ടുകൾ ഏറ്റെടുത്തതായി കാണുന്നു. സർക്കാർ മാർഗ്ഗനിർദേശം പാലിക്കാതെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ.നം. | | അടങ്കൽ |
|---|---|---|

| | | |
|---|---|---|
| 1 | 113/20-21 മുട്ടാർ ഗ്രാമപഞ്ചായത്തിന്റെ വാർഡ് 12ൽ മിത്രമഠം കടവ് മുതൽ തേക്കോട്ട് ആലപ്പുറത്തുകാട് പാടശേഖരത്തിന്റെ പുറംബണ്ട് കല്ലുകെട്ടി ബലപ്പെടുത്തൽ | 4,33,904 |
| 2 | 64/20-21 മുട്ടാർ ഗ്രാമപഞ്ചായത്ത് വാർഡ് 9ൽ വെടിക്കാട്ട് കലുങ്ക് മുതൽ മുണ്ടയ്ക്കൽ പടിവരെ കുഴിയനടി പാടശേഖരരത്തിന്റെ ബണ്ട് ഉയർത്തി ബലപ്പെടുത്തൽ | 4,79,800 |
| 3 | 62/20-21 നീലംപേരൂർ ഗ്രാമപഞ്ചായത്ത് വാർഡ് 10-ൽ കോഴിച്ചാൽ വടക്ക് പാടശേഖരത്തിന്റെ പടിഞ്ഞാറെ പുറംബണ്ട് പത്തിൽ മുട്ട് മോട്ടോർ തറ വാച്ചാൽ മുതൽ വടക്കാട്ട് കല്ലുകെട്ടി സംരക്ഷിക്കൽ | 4,82,500 |
| 4 | 61/20-21 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് വാർഡ് 5ൽ തോട്ടുകടവിൽ മുതൽ തെക്കുതലക്കുളം വരെ ആലപ്പാട്ടടി മാടമ്പാക്കപാടശേഖരത്തിന്റെപുറംബണ്ട് ഉയരത്തി ബലപ്പെടുത്തൽ | 4,85,466 |
| 5 | 5/20-21 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് വാർഡ് 8ൽ നൂറ്റിനാഴി പാടശേഖരത്തിന്റെ പുറംബണ്ട് ഉയർത്തി ബലപ്പെടുത്തൽ | 4,92,000 |
| 6 | 63/20-21 കാവാലം ഗ്രാമപഞ്ചായത്ത് വാർഡ് 10-ൽ സ്നേഹദീപം മുതൽ കിഴക്കോട്ട് മണിയങ്കേരി പാടശേഖരത്തിന്റെ തേക്കേ പുറംബണ്ട് കല്ലുകെട്ടി ബലപ്പെടുത്തൽ | 4,32,085 |

സർക്കാർ മാർഗ്ഗനിർദേശം പാലിക്കാതെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(3/20-21/14.5.22), കരാറുകാർ ക്വാട്ട് ചെയ്ത തുകയാണ് അടങ്കൽ തുകയായി ചെലവുപത്രികയിൽ കാണിച്ചിട്ടുള്ളതെന്നും യഥാർത്ഥ അടങ്കൽ തുക 5 ലക്ഷം രൂപ എന്നുമാണ് മറുപടി ലഭ്യമാക്കിയത്. യഥാർത്ഥ അടങ്കൽ തുക ചെലവുപത്രികയിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്

## 1-12 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -1,07,259/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - 96/21

പ്രോജക്ടിന്റെ പേര് -വെളിയനാട് സി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(സി എച്ച് സി, വെളിയനാട്)

അടങ്കൽ-110999/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ്-107259/-

ചെലവ് വിവരം

ബിൽ നം.20/20-21/16.3.21, തുക. 107259/-

വെളിയനാട് സി.എച്ച്. സി യിലേക്ക് കമ്പ്യൂട്ടറുകൾ, യു പി എസ് എന്നിവ വാങ്ങുന്നതിനായി 107259/-രൂപ കെൽട്രോണിന് അക്കൗണ്ട് ട്രാൻഫർ ചെയ്തു നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/തീയതി- 19.05.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, 107259/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 പുളിങ്കുന്ന് താലൂക്ക് ആശുപത്രി-ട്യൂബ് വെൽ നിർമാണം.-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 122/2021, പുളിങ്കുന്ന് താലൂക്ക് ആശുപത്രിക്ക് ട്യൂബ് വെൽ നിർമ്മാണം. |
| തുക, ഫണ്ടിനം | 86296/-ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| | 203255/-വികസനഫണ്ട് ജനറൽ |
| | 10449/-തനത് ഫണ്ട്(ചെക്ക് നം-2985528) |
| ചെലവ് | ബിൽ നമ്പർ 27/20-21/86296/- തീയതി.22.3.21 |
| | ബിൽ നമ്പർ-29/20-21/203255 തീയതി.26.3.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പുളിങ്കുന്ന് താലൂക്ക് ആശുപത്രി) |

പുളിങ്കുന്ന് താലൂക്ക് ആശുപത്രിക്ക് ട്യൂബ് വെൽ നിർമ്മാണത്തിന് മേൽ ബില്ലുകൾ പ്രകാരം ആലപ്പുഴ ഭൂഗർഭ ജല വിഭാഗത്തിന് 300000/-നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അധികൃതർ സ്വീകരിച്ച നടപടിയുടെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീയതി-20.05.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 300000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.72/20-21 വൃദ്ധർക്ക് കട്ടിൽ

വികസനഫണ്ട് - 1,00,021

ചെലവ് -1,00,021(14/11.4.20)

ടി പ്രോക്ട് വഴി 1,00,021/- രൂപ നീലംപേരൂർ ഗ്രാമപഞ്ചായത്തിനു തുക ട്രാൻസ്ഫർ ചെയ്തിരുന്നു. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/20-21/15.5.22)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-15 ലൈഫ് ഭവന നിർമ്മാണത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈഫ് ബ്ലോക്ക് വിഹിതം ജനറൽ എന്ന പദ്ധതിയ്ക്കായി (പ്രോ. നം 25/21) 24,85,000 രൂപയും ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി (29/21) എന്ന പദ്ധതിയ്ക്കായി 5,00,000 രൂപയും പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്തുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപറയുന്നു.

സംയുക്ത പ്രോജക്ടുകൾക്കായി അനുവദിക്കുന്ന ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ എസ്.റ്റി.എസ്.ബി അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 2019-20 മുതൽ ധനകാര്യ വകുപ്പിന്റെ 3.7.2018ലെ ജി.ഒ(പി)നം 100/2018/ഫിൻ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് സംയുക്ത പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കേണ്ടത്. മേൽ ഉത്തരവ് പ്രകാരം പ്രോജക്ട് നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) ഓരോ ഘട്ടത്തിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ആവശ്യമുള്ള തുകയ്ക്ക് ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യപ്പെടുന്നു. എന്നാൽ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 29,85,000 രൂപ ടി ഉത്തരവിന് വിരുദ്ധമായി മുൻവർഷങ്ങളിലേതുപോലെ പഞ്ചായത്തുകളുടെ അപേക്ഷ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകളുടെ വിവരം താഴെപറയുന്നു.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | നൽകിയ തുക | |
|---|---|---|---|
| | | ജനറൽ | എസ്.സി |
| 2 | കാവാലം ഗ്രാമപഞ്ചായത്ത് | 10,00,000 | 0 |

| | | | |
|---|---|---|---|
| 3 | നീലംപേരൂർ ഗ്രാമപഞ്ചായത്ത് | 12,00,000 | 5,00,000 |
| 4 | മുട്ടാർ ഗ്രാമപഞ്ചായത്ത് | 2,85,000 | 0 |
| | ആകെ | 24,85,000 | 5,00,000 |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തുകൾക്ക് തുക നേരിട്ട് നൽകിയതിന് വിശദീകരണവും ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 29,85,000/- തടസ്സപ്പെടുത്തുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/13.05.22) മറുപടി ലഭ്യമാക്കിയില്ല.
ചെലവ് വിവരം.
ബിൽ നം 109/17.9.2020 – 10,00,000/-
ബിൽ നം 117/24.9.2020 – 2,85,000/-
ബിൽ നം 205/21.1.2021 – 500,000/-
ബിൽ നം 275/30.3.2021 – 12,00,000/-

## 1-16 എസ്.സി കുടുംബങ്ങൾക്കും വനിതാ ഗ്രൂപ്പുകൾക്കും കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം - ജില്ലാതല യൂണീറ്റ് കോസ്റ്റിനെ അധികരിച്ച് വാങ്ങൽ നടത്തി

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2020-21 വർഷം നടപ്പാക്കിയ എസ്.സി കുടുംബങ്ങൾക്ക് കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം (സ്പിൽ ഓവർ പ്രോ.നം 96/21), സുഭിക്ഷ കേരളം - വനിതാ ഗ്രൂപ്പുകൾക്ക് നടീൽ വസ്തുക്കൾ (പ്രോ.നം 103/21) എന്നീ പ്രോജക്ടുകൾക്കായി 12,30,656/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെയ്കോയിൽ നിന്നും 1000 രൂപയുടെ 531 കിറ്റുകളും 2000 രൂപയുടെ 350 കിറ്റുകളുമാണ് വാങ്ങിയിട്ടുള്ളത്. എസ്.സി കുടുംബങ്ങൾക്ക് കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം, സുഭിക്ഷ കേരളം - വനിതാ ഗ്രൂപ്പുകൾക്ക് നടീൽ വസ്തുക്കൾ എന്നീ പദ്ധതികൾക്കായി ചേന 1 Kg @ 40/-, ചേമ്പ് 1 Kg @ 70/-, കാച്ചിൽ 1 Kg @ 50/-, ഇഞ്ചി 1 Kg @ 80/-, മഞ്ഞൾ 1 Kg @ 45/- എന്നിവയാണ് ഒരു കിറ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ഓരോ കിറ്റിനും ഈടാക്കിയ തുകയ്ക്ക് ആനുപാതികമായി മേൽ പറഞ്ഞ നടീൽ വസ്തുക്കൾ എത്ര അളവിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഇൻവോയ്സിലോ വിതരണ സ്റ്റേറ്റ്മെന്റിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കെയ്കോ ഒരു യൂണീറ്റിന് ഈടാക്കിയ തുകയ്ക്ക് ആനുപാതികമായ കിഴങ്ങ് വർഗ്ഗ നടീൽ വസ്തുക്കൾ കർഷകർക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2) കെയ്കോയുടെ ഇൻവോയ്സ് പരിശോധിച്ചതിൽ, ഇഞ്ചി 1 Kg @ 80/- രൂപയും, മഞ്ഞൾ 1 Kg @ 45/- രൂപയുമാണ് ഈടാക്കിയിരിക്കുന്നത്. തൻവർഷത്തെ ജില്ലാതല യൂണീറ്റ് കോസ്റ്റ് പ്രകാരം ഇഞ്ചി കിലോഗ്രാമിന് 60/- രൂപയും മഞ്ഞളിന് 35/- രൂപയുമാണ് പരമാവധി നൽകാവുന്നത്. ഇൻവോയ്സിൽ കിഴങ്ങ് വർഗ്ഗ നടീൽ വസ്തുക്കളുടെ അളവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടിയ നിരക്ക് ചുമത്തിയതുമൂലം കെയ്കോ എത്രതുക അധികം ഈടാക്കിയെന്ന് വ്യക്തമല്ല. ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ കൂടിയ വിലയ്ക്ക് വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/19.5.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഓരോ വർഷവും നിർണ്ണയിക്കുന്ന യൂണിറ്റ് കോസ്റ്റിനുള്ളിൽ നിന്നും വാങ്ങൽ നടത്തുവാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.
ചെലവ് വിവരം.
ബിൽ നം 14/11.4.2020 – 10,00,000/-
ബിൽ നം 199/15.1.2020 – 10,00,000/-

## 1-17 സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് സബ്സിഡി - സബ്സിഡി തുക ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല.

വസ്ത്ര നിർമ്മാണ മേഖലയിലെ തൊഴിൽ സാധ്യതകൾ മനസ്സിലാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ഐശ്വര്യ തയ്യൽ യൂണിറ്റ്, നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ മൈത്രി തയ്യൽ യൂണിറ്റ് എന്നീ ഗ്രൂപ്പുകളെ ഉൾപ്പെടുത്തികൊണ്ട് ഐ.ഇ.ഒ 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ പ്രോജക്ടാണ് വനിതാ ഗ്രൂപ്പുകൾക്ക് മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റിന് സബ്സിഡി (പ്രോജക്ട് നം 68/21). പ്രോജക്ട് റിപ്പോർട്ട് പ്രകാരം അഞ്ച് വനിതകൾ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പിന്റെ ആകെ മൂലധനം 350000 രൂപയാണ്. ബാങ്കിൽ നിന്നും അനുവദിക്കുന്ന വായ്പയുടെ 80%ൽ നിജപ്പെടുത്തി പരമാവധി 250000രൂപ വരെ ബാക്ക് എൻഡ് സബ്സിഡിയായി ഗ്രൂപ്പിന്റെ പേരിൽ ബാങ്കിലേയ്ക്ക് നൽകുന്നു.

ഫയൽപരിശോധിച്ചതിൽ, ഐശ്വര്യ തയ്യൽ യൂണിറ്റിന് ബാങ്കിൽ നിന്നും 3,15,000 വായ്പ അനുവദിച്ചതിനെ തുടർന്ന് സബ്സിഡി തുകയായ 2,50,000/- രൂപയും (ബിൽ നം 01/21.04.2020) മൈത്രി തയ്യൽ യൂണിറ്റിന് ബാങ്കിൽ നിന്നും

2,75,000/- രൂപ വായ്പ അനുവദിച്ചതിനെ തുടർന്ന് സബ്സിഡി തുകയായ 2,12,500/- രൂപയും (ബിൽ നം. 02/21.04.2020) ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിന് കൈമാറിയിട്ടുണ്ട്. ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ബാങ്കിന് കൈമാറിയ സബ്സിഡി തുക രണ്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രൂപ്പുകളുടെ ലോണിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വ്യവസായ വകുപ്പ് മുഖേന സ്വയംതൊഴിലിന് സബ്സിഡി നൽകുന്ന P.M.E.G.P പോലെയുള്ള സ്കീമുകളിൽ ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കുന്ന തുക മൂന്ന് വർഷത്തിന് ശേഷം സ്ഥാപനത്തിന്റെ പ്രവർത്തനവും ലോൺ തിരിച്ചടവ് ശേഷിയും വിലയിരുത്തിയതിന് ശേഷം മാത്രമാണ് ലോൺ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്ത് നൽകുന്നതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/19.5.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിൽ (നം. 22/18/തസ്വഭവ തീയതി, 14.02.18) സബ്സിഡി തുക ലോൺ അക്കൗണ്ടിലേയ്ക്ക് ക്രമീകരിക്കുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടില്ല. 04/2020ൽ ബാങ്കിന് കൈമാറിയ സബ്സിഡി തുക നാളിതുവരെ ഗ്രൂപ്പുകൾക്ക് കൈമാറാത്തത് മൂലം അവർ മുഴുവൻ വായ്പതുകയ്ക്കും പലിശ ഒടുക്കേണ്ടി വരുന്നു. സബ്സിഡി തുക അടിയന്തരമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോ.നം 35/21) – നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ 2020-21 വർഷം സ്പിൽ ഓവർ പദ്ധതിയായി നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് പ്രകാരം മുൻവർഷം അഡ്വാൻസായി 50,000/- രൂപവീതം കൈപ്പറ്റി പഠനമുറി നിർമ്മാണം ആരംഭിച്ച നാല് ഗുണഭോക്താക്കൾക്കായി രണ്ടാം ഗഡുവായി 75000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് ശേഷിക്കുന്ന തുക കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തൻവർഷം കൈപ്പറ്റിയ തുക | ബിൽ നം |
|---|---|---|---|
| 01 | രാധാശശി, 13ൽ ചിറ, മുട്ടാർ | 75000 | 02/11.4.2021 |
| 02 | ജ്യോതിമോൾ, 12ൽ ചിറ, വാലടി | 75000 | 03/11.4.2021 |
| 03 | മനോജ് കളത്തിപ്പറമ്പ്, കായൽപ്പുറം, പുളിങ്കുന്ന്. | 75000 | 04/11.4.2021 |
| 04 | രാജമ്മ ഓമനക്കുട്ടൻ, കളത്തിപ്പറമ്പിൽ, മുട്ടാർ | 75000 | 06/11.4.2021 |

രണ്ട് ഗഡുക്കളായി 125000 രൂപ കൈപ്പറ്റിയതിന് ശേഷം പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 13/19.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കുവാൻ തയ്യാറാകാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഫൈൻ ഈടാക്കിയില്ല

ഒരു പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കി (മിനിമം 1000 പരമാവധി 25000) കരാർ വെക്കുവാൻ അനുവദിക്കാവുന്നതാണ്. (PWD മാന്വൽ ഖണ്ഡിക 2009-6). താഴെപ്പറയുന്ന പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നീലംപേരൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3. മുക്കോഴി മാഞ്ഞൂരി പാടശേഖരത്തിന്റെ ബണ്ട് മണ്ണിട്ടുയർത്തൽ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 97/20-21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ.അനൂപ് തോമസ് |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയതി | 19.9.19 |
| കരാറുകാരൻ കൈപ്പറ്റിയ തീയതി | ഫയലിൽ ലഭ്യമല്ല |
| കരാർ വെക്കേണ്ട തീയതി | 28.9.19 |
| കരാർ വെച്ച തീയതി | 28.10.19 |

ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/19.5.22) ലഭ്യമാക്കിയ മറുപടിയിൽ ദിവസങ്ങളോളം നീണ്ടു നിന്ന വെള്ളപ്പൊക്കം മൂലം നോട്ടീസ് കൈപ്പറ്റാൻ വൈകിയെന്നാണ് അറിയിച്ചത്. എന്നാൽ ടി വിവരങ്ങളൊന്നും തന്നെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-20 അധികം പിൻവലിച്ച തുക അക്കൗണ്ടിൽ അടവാക്കിയില്ല

പ്രോജക്ട് നം.93/20-21 എൽ.എസ്.ജി.ഡി. വെളിയനാട് സബ്ഡിവിഷൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

മെയി.ഗ്രാന്റ്(റോഡിതരം) -2,09,808

ചെലവ് -2,09,808(ബിൽ നം.61/11.4.22)

ടി പ്രോജക്ട് വഴി എൽ.എസ്.ജി.ഡി. വെളിയനാട് സബ്ഡിവിഷൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി കെൽട്രോണിൽ നിന്നും ലഭ്യമായ ടാക്സ് ഇൻവോയ്സ് പ്രകാരം 1,57,891/- രൂപയാണ്. എന്നാൽ പഞ്ചായത്ത് പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയായ 2,09,808 രൂപയാണ് കെൽട്രോണിനു ട്രാൻസ്ഫർ ചെയ്തത്. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളായ യു.പി.എസ്, പ്രിന്റർ എന്നിവയുൾപ്പെടെ(51909+1,57,899)യുള്ള രൂപയാണ് ട്രാൻസ്ഫർ ചെയ്തത്. അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കില്ലാത്തതിനാൽ വിതരണം ചെയ്തിരുന്നില്ലായെങ്കിലും ആയതിന്റെ തുകയായ 51,909/- രൂപ 25.2.21ൽ അസി.എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുക ഏതു ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് ആ ഫണ്ടിലേക്ക് തിരിച്ചടവാക്കിയ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/20-21 /14.05.22) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിന്റെ ഹെഡിൽ തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വെളിയനാട് ബ്ലോക്ക് പരിധിയിൽ വരുന്ന വാർഡുകളിൽ പൈപ്പ് ലൈൻ<br>/പ്രോജക്ട് നം.117/20-21<br>111/20-21<br>95/20-21 | - | 3920000<br>80000<br>200000 | 3920000<br>80000<br>200000 | 0<br>0<br>0 |
| ഭൂഗർഭ ജല വകുപ്പ് | ഭൂഗർഭ ട്യൂബ് വെൽ നിർമ്മാണം | 27/22.3.21<br>29/26.3.21 | 300000 | 300000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47108206 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70632641 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9234062 |

.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 4200000 | ശ്രീ.ലാൽകുമാർ,സെക്രട്ടറി |
| 1-10 | 1541782 | ശ്രീ വിഷ്ണു. ആർ, സെക്രട്ടറി (1100000/-) |

| | | |
|---|---|---|
| | | ശ്രീ.ലാൽകുമാർ,സെക്രട്ടറി (441782/-) |
| 1-12 | 107259 | ശ്രീ.അനിൽകുമാർ,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 1-13 | 300000 | ശ്രീ.അനിൽകുമാർ,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 1-14 | 100021 | ശ്രീമതി.ബിജി.എൽ.സി.ഡി.പി.ഓ. |
| 1-15 | 2985000 | ശ്രീ.ലാൽകുമാർ, സെക്രട്ടറി |
| ആകെ | 9234062 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ലാൽകുമാർ.ജെ.ആർ, സെക്രട്ടറി | സീനിയർ ലക്ചറർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ | അതുല്ല്യ, ആനകൊട്ടൂർ പി.ഓ., കൊട്ടാരക്കര, കൊല്ലം |
| ശ്രീ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെളിയനാട് ഗ്രാമപഞ്ചായത്ത് | ശ്രീമന്ദിരം,വാഴപ്പള്ളി, ചങ്ങനാശ്ശേരി |
| ശ്രീമതി.ബിജി.എൽ, സി.ഡി.പി.ഒ. | സി.ഡി.പി.ഒ, വെളിയനാട് ഗ്രാമപഞ്ചായത്ത് | കാട്ടുപറമ്പിൽ, പടനോർത്ത്, കരുനാഗപ്പള്ളി,കൊല്ലം |
| ശ്രീ വിഷ്ണു. ആർ, സെക്രട്ടറി | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് | പുത്തൻപുരക്കൽ, വെട്ടികവല.പി.ഒ. കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/ബിപി.അദാലത്ത്/26/14-15, തീയതി. 29.1.14 |
| 1999-2000 | എൽ.എഫ്.ജി.എ5/ബിപി.അദാലത്ത്/26/14-15, തീയതി. 29.1.14 |
| 2000-01 | എൽ.എഫ്.ജി.എ5/ബിപി.അദാലത്ത്/26/14-15, തീയതി. 29.1.14 |
| 2001-02 | എൽ.എഫ്.എ15/608/2004, തീയതി. 19.10.14 |
| 2002-03, 2003-04 | എൽ.എഫ്.എ7/271/2006, തീയതി.10.11.06 |
| 2004-05 | എൽ.എഫ്.എ7/253/2008, തീയതി.19.10.14 |
| 2005-06 | എൽ.എഫ്.എ7/254/2008, തീയതി. 10.11.16 |
| 2006-07 | എൽ.എഫ്.എ7/255/2008, തീയതി. 30.6.08/17.9.08 |
| 2007-08 | എൽ.എഫ്.എബിപി/73/10, തീയതി. 21.5.12/5.9.12 |
| 2008-09, 2010-11, | എൽ.എഫ്.ജി.എ5/ബിപി.അദാലത്ത്/26/14-15, തീയതി. 29.1.14 |

| | |
|---|---|
| 2011-12 | |
| 2012-13, 2013-14 | എൽ.എഫ്.എബിപി/152/15, തീയതി. 16.2.15 |
| 2014-15,15-16 | കെ.എസ്.എ/എ.എൽ.പി/ബിപി.251/17, തീയതി. 13.3.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബിപി.1444/17,തീയതി. 28.11.17/04.12.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/ബിപി.85/19, തീയതി. 29.1.19 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/ബിപി.121/20, തീയതി. 23.4.20 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/ബിപി-649/2022 തീയതി, 13/07/2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്